**കേരള ഇലക്ട്രിസിറ്റി എംപ്ളോയീസ് കോൺഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി)**

**രജി.നമ്പർ 01-14/87 – അഫി : നമ്പർ 10485**

**വി.പി മരയ്ക്കാർ സ്മാരകമന്ദിരം, അംബുജവിലാസം റോഡ്**

**തിരുവനന്തപുരം -1**

| | |
|---|---|
| **പ്രസിഡന്റ്** | **ജനറൽ സെക്രട്ടറി** |
| **കെ.പി.ധനപാലൻ Ex.MP** | **സിബിക്കുട്ടി ഫ്രാൻസിസ്** |

തിരുവനന്തപുരം
30.05.2017

**നമ്പർ. 4/2017** **<u>സർക്കുലർ</u>**

സുഹൃത്തേ,

29.5.2017 തിങ്കളാഴ്ച കൃത്യം 11 മണിക്ക് വർക്കിംഗ് കമ്മിറ്റി ആരംഭിച്ചു. വൈസ് പ്രസിഡന്റ് എം.വി.മനോജിന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ച യോഗത്തിൽ ട്രഷറർ വി.ഗോപകുമാർ സ്വാഗതം രേഖപ്പെടുത്തി. 12.30 ന് ശേഷം പ്രസിഡന്റ് കെ.പി.ധനപാലന്റെ അദ്ധ്യക്ഷതയിൽ ചർച്ചകൾ തുടർന്നു. ജനറൽ സെക്രട്ടറി മിനിറ്റ്സും റിപ്പോർട്ടും അവതരിപ്പിച്ച് അംഗീകാരം നേടി. സംഘടനാ ഭാരവാഹിത്വത്തിന്റെ പേരിൽ കത്തുകൾ അയക്കുന്നതും കേസ് കൊടുക്കുന്നതുമായ പ്രവണതകൾ അവസാനിപ്പിക്കണമെന്നും പ്രസിഡന്റ്, ജനറൽ സെക്രട്ടറി ഉൾപ്പടെയുള്ള ഭാരവാഹിത്വങ്ങൾ ഭൂരിപക്ഷം പ്രതിനിധികൾ തീരുമാനിക്കുന്ന ആർക്കും ആകാമെന്നും പ്രസിഡന്റ് പറഞ്ഞു. വർക്കിംഗ് കമ്മിറ്റിയിൽ 33 അംഗങ്ങൾ പങ്കെടുത്തു.

താഴെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കുവാൻ ചർച്ചയിൽ തീരുമാനമായി,

1. എം.എസ്.റാവുത്തർ സ്മാരക മന്ദിരത്തിന്റെ ശിലാസ്ഥാപനം 2017 ജൂൺ മാസം 14 ന് ഉച്ചകഴിഞ്ഞ് 2.30 ന് ആദരണീയ കോൺഗ്രസ്സ് നേതാവ് ശ്രീ.എ.കെ.ആന്റണി നിർവഹിക്കുന്നതാണ്. (ശിലാസ്ഥാപനം തിരുവനന്തപുരം ആയൂർവേദ കോളേജിന് സമീപം)
2. ശിലാസ്ഥാപനം നടത്തിയതിന് ശേഷം പൊതുയോഗം കൃത്യം 3 ന് തന്നെ നടത്തുന്നതാണ്. കോൺഗ്രസ്സിന്റേയും ഐ.എൻ.റ്റി.യു.സി യുടെയും നേതാക്കളെ ക്ഷണിക്കുവാനും തീരുമാനിച്ചു. (ഉദ്ഘാടന സമ്മേളനം : ബാങ്ക് എംപ്ലോയീസ് ഹാൾ, പുളിമൂട്, തിരുവനന്തപുരം)
3. എല്ലാ ജില്ലാ/ഡിവിഷൻ ഭാരവാഹികളും ചടങ്ങിലും യോഗത്തിലും പങ്കെടുക്കണം (പ്രസിഡന്റ്, സെക്രട്ടറി, വൈസ് പ്രസിഡന്റ്, ജോയിന്റ് സെക്രട്ടറി, ഓർഗനൈസിംഗ് സെക്രട്ടറി, എക്സിക്യൂട്ടീവ് അംഗങ്ങൾ) അന്നേ ദിവസം രാവിലെ 10 AM ന് സംസ്ഥാന കൗൺസിൽ നടത്താനും തീരുമാനിച്ചു.
4. തിരുവനന്തപുരം ജില്ലയിലുള്ള മുഴുവൻ അംഗങ്ങളും ശിലാസ്ഥാപന ചടങ്ങിൽ പങ്കെടുക്കണം. കൊല്ലം, പത്തനംതിട്ട ജില്ലകളിലുള്ള ഓരോ ഡിവിഷനിലുംനിന്നും കുറഞ്ഞത് 30 അംഗങ്ങളെ പങ്കെടുപ്പിക്കണം.
5. പോസ്റ്റർ 5 തീയതിയ്ക്ക്മുമ്പ് എല്ലാ ഡിവിഷനുകളിലും സംസ്ഥാന കമ്മിറ്റിയിൽ നിന്ന് എത്തിക്കുന്നതാണ്. എല്ലാ ഡിവിഷനിലും പ്രധാന

ഓഫീസുകളിൽ Flex വയ്ക്കണം. Flex ന്റെ ഫോർമാറ്റ് നമ്മുടെ വെബ്സൈറ്റിൽ publish ചെയ്തിട്ടുണ്ട്. പ്രോഗ്രാം നോട്ടീസ് പിന്നീട് അയച്ച് തരുന്നതാണ്.

6. മാതൃ സംഘടനയോട് ചേർന്ന് പ്രവർത്തിക്കാൻ തയ്യാറായ മറ്റ് ജില്ലകളിലുള്ളവരെ സഹകരിപ്പിക്കാൻ തീരുമാനമായി. ഇക്കാര്യത്തിൽ എറണാകുളം ജില്ലാ കമ്മിറ്റിയുടെ ജില്ലയിലുള്ള കാര്യങ്ങൾ സംബന്ധിച്ച നിർദ്ദേശം വർക്കിംഗ് കമ്മിറ്റി അംഗീകരിച്ചു. മറ്റ് കാര്യങ്ങൾ സംസ്ഥാന ഭാരവാഹികൾ കൂടിയതിനുശേഷം അറിയിക്കുവാനും തീരുമാനിച്ചു.
7. യൂണിയൻ പ്രൊട്ടക്ഷൻ തീരുമാനിക്കുന്നതിന് കെ.പി.ധനപാലൻ, സിബിക്കുട്ടി ഫ്രാൻസിസ്, വി.ഗോപകുമാർ, എം.വി.മനോജ് എന്നിവരെ ചുമതലപ്പെടുത്തി.
8. കെ.പി.സി.സി ക്ക് ഒരു പ്രവർത്തന ഫണ്ട് നൽകുവാൻ തീരുമാനിച്ചു.
9. കളമശ്ശേരി യൂണിറ്റിന് ഡിവിഷൻ കമ്മിറ്റി പദവി നൽകണമെന്ന് എറണാകുളം ജില്ലാ കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ചു.
10. അച്ചടക്ക ലംഘനം നടത്തിയ പുനലൂർ ഡിവിഷൻ മുൻ പ്രസിഡന്റിനെ സംഘടനയുടെ പ്രാഥമിക അംഗത്വത്തിൽ നിന്നും പുറത്താക്കാൻ തീരുമാനിച്ചു.
11. സംസ്ഥാന സമ്മേളനത്തിന്റെ പുതുക്കിയ തീയതി അടുത്ത സ്റ്റേറ്റ് കൗൺസിലിൽ (14.6.2017) തീരുമാനിക്കുന്നതാണ്.

എം.എസ്. റാവുത്തർ ട്രസ്റ്റിന്റെ പേരിലുള്ള സാമ്പത്തിക സഹായം രോഗശയ്യയിൽ കിടക്കുന്ന സുനിൽകുമാറിന് നൽകണമെന്ന് വി.സുധീർകുമാർ ആവശ്യപ്പെട്ടു.

ജനറൽ ട്രാൻസ്ഫർ /ഇന്റേണൽ ന് അപേക്ഷിച്ചിട്ടുള്ള എല്ലാ അംഗങ്ങളുടേയും അപേക്ഷിച്ചതിന്റെ കോപ്പി/സർട്ടിഫിക്കറ്റുകളുടെ കോപ്പി ജില്ലാതലത്തിൽ 6.6.2017 ൽ തന്നെ കേന്ദ്രക്കമ്മിറ്റി ഓഫീസിൽ എത്തിക്കണം. ട്രാൻസ്ഫറിന്റെ കരട് ലിസ്റ്റ് യൂണിയനുകൾക്ക് ലഭിക്കും. അതിനാൽ തെറ്റുകൾ പരിശോധിച്ച് അപാകതകൾ തിരുത്തന്നതിന് വേണ്ടിയാണിത്.

NB: ശിലാസ്ഥാപന ചടങ്ങ് വൻ വിജയമാക്കുവാൻ എല്ലാവരും സഹകരിക്കണം. സർക്കുലറിന്റെ കോപ്പി എല്ലാ അംഗങ്ങൾക്കും നൽകേണ്ടതാണെങ്കിലും പല ഡിവിഷൻ കമ്മിറ്റികളും നൽകാറില്ല എന്ന പരാതിയുണ്ട്. ഈ സർക്കുലറിന്റെ കോപ്പി എല്ലാ അംഗങ്ങൾക്കും കൃത്യമായും നൽകണം.

വിശ്വാസപൂർവ്വം,

സിബിക്കുട്ടി ഫ്രാൻസിസ്
ജനറൽ സെക്രട്ടറി